File No. ATT-1/39/2021-Home

G

29/11/21

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - ആഭ്യന്തര അറ്റസ്റ്റേഷൻ സേവനത്തിനായി നിലവിൽ ഒരു ഡോക്യുമെന്റ്/സർട്ടിഫിക്കറ്റിന് കോർട്ട്ഫീസ് സ്റ്റാമ്പായി ഈടാക്കുന്ന 10 രൂപ അപേക്ഷാ ഫീസ് ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്**

G.O(Rt.)No. 3147/2021/HOME — തീയതി, തിരുവനന്തപുരം, 11/11/2021

---

പരാമർശം:- 1. ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിന്റെ 28/05/2021 ലെ അറ്റ,1/38/2020/ആഭ്യന്തരം നം. സർക്കുലർ.

2. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 07/10/2021 ലെ ജി.ഓ.(പി) 1/2021/PIE&MD നം. ഉത്തരവ്.

**<u>ഉത്തരവ്</u>**

വിദേശരാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ/രേഖകൾ എന്നിവയുടെ അസലുകൾ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ സാക്ഷ്യപ്പെടുത്തി നൽകുന്നതിന് അപേക്ഷ ഒന്നിന് 10 രൂപ (പത്ത് രൂപ ) എന്ന നിരക്കിൽ കോർട്ട് ഫീസ് സ്റ്റാമ്പായി ഫീസ് ഈടാക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പുറപ്പെടുവിച്ച പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരൻമാരെ ഒഴിവാക്കുന്നതുൾപ്പെടെ പൗരൻമാർക്ക്. വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിദേശരാജ്യങ്ങളിലെ ആവശ്യാർത്ഥം ആഭ്യന്തര അറ്റസ്റ്റേഷൻ സേവനത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾക്ക് നിലവിൽ ഒരു ഡോക്യുമെന്റ്/സർട്ടിഫിക്കറ്റിന് കോർട്ട്ഫീസ് സ്റ്റാമ്പായി ഈടാക്കുന്ന 10 രൂപയുടെ അപേക്ഷാ ഫീസ് ഉടൻ പ്രാബല്യത്തോടെ ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

Subhash. R.
Joint Secretary

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.

എല്ലാ വകുപ്പ് മേധാവികൾക്കും( എല്ലാ ജില്ലാ ഓഫീസർമാർക്കും അറിയിപ്പ് നൽകുന്നതിന്)

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , നോർക്കാ റൂട്ട്സ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്

ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്